പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2989

13.07.2015-ൽ മറുപടിക്ക്.

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റംസ്

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി.ജലീൽ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംങ് നെറ്റ് വർക്ക് ആന്റ് സിസ്റ്റംസ് (സി.സി.റ്റി.എൻ.എസ്) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | : (എ) വിലയിരുത്തിയിട്ടുണ്ട്.<br><br>15 പോലീസ് ജില്ലകളിലായി 368 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി (GD), FIR എന്നീ മോഡ്യൂളുകൾ നടപ്പിലാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന 4 പോലീസ് ജില്ലകളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ്; ഇതുവരെ അതിനായി എത്ര തുക ചെലവഴിച്ചു; ഇതിനായി കേന്ദ്ര സഹായം എത്ര ലഭിച്ചു; വ്യക്തമാക്കുമോ; | : (ബി) 16.02.2014 ൽ കേന്ദ്ര സർക്കാറിൽ നിന്നും, സംസ്ഥാനത്തിന് അംഗീകരിക്കപ്പെട്ട അടങ്കൽ തുകയായ 42.99 കോടിയിൽ, 20.87 കോടി ലഭിച്ചിട്ടുള്ളതും ആയതിൽ നിന്നും 21.88 കോടി (പലിശയിനത്തിലുള്ള വരവുൾപ്പെടെ) പദ്ധതിനടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് നല്കിയിട്ടുള്ളതുമാണ്. |
| (സി) പദ്ധതിയുടെ നടത്തിപ്പുചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്; എന്തെല്ലാം വ്യവസ്ഥകളാണ് ഇതു സംബന്ധിച്ച് അംഗീകരിച്ചിട്ടുള്ളത്; | (സി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനുകീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി-കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് & സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നത് System Integrator (SI) ആയ TATA Consultancy Services Ltd ആണ്. CCTNS പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, നിരീക്ഷിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനും, പോരായ്മകൾ പരിഹരിക്കുന്നതിനും മറ്റൊരു കമ്പനിയായ Accenture Service Private Ltd നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്ന പേരിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

നടത്തിപ്പ് സംബന്ധിച്ച് റ്റാറ്റാ കൺസൾട്ടൻസി സർവ്വീസുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള പോലീസ് സ്റ്റേഷനുകളിലും, മറ്റ് ഇതര പോലീസ് ഓഫീസുകളിലും (ആകെ 835 ഓഫീസുകൾ) നടപ്പിലാക്കുന്നതും, ശേഷം 5 വർഷക്കാലം പരിപാലനവും കമ്പനിയുടെ ഉത്തരവാദിത്തമാണ്.

(ഡി) സംസ്ഥാനത്തുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

: (ഡി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെയും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെയും നിർദ്ദേശാനുസരണമാണ് ഈ പദ്ധതിയുടെ 'Core Application Software (CAS)' ദേശീയതലത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള സോഫ്റ്റ് വെയറിൽ "അന്യദേശ തൊഴിലാളികളുടെ വിവരശേഖരണം" എന്ന മോഡ്യൂൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം CCTNS പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ